# THE KERALA STATE BHARAT SCOUTS AND GUIDES

State Headquarters

Address: State Headquarters, Vikas Bhavan (PO), Thiruvananthapuram - Pincode : 695033

Website: www.ksbsg.kerala.gov.in    Email: secy.ksbsg@kerala.gov.in    Ph: 0471-2317480, +91 8086047335

| ***PATRON*** | ***PRESIDENT*** | ***STATE CHIEF COMMISSIONER*** | ***STATE SECRETARY*** |
|---|---|---|---|
| **RAJENDRA VISWANATH ARLEKAR**<br>Hon'ble Governor of Kerala | **N. Shamsudheen**<br>Minister for General Education | **Arun K. Vijayan IAS**<br>Director of General Education | **Dr. Abdu Rahoof V** |


**To,**
**All the District Secretaries**
**District Associations of**
**The Bharat Scouts and guides,**
**Kerala State**

**No.   : B-2150/2026/KSBSG**
**Date   : 07-10-2026**

ബഹുമാന്യരെ ,

**വിഷയം: JAMBOREE ON THE AIR (JOTA) AND JAMBOREE ON THE INTERNET (JOTI) - 17TH AND 18TH OCTOBER, 2026- സംഘടിപ്പിക്കുന്നതും ഹബുകളുടെ അപേക്ഷ ക്ഷണിക്കുന്നതും - സംബന്ധിച്ച്**

JOTA-JOTI (JAMBOREE-ON-THE-AIR - JAMBOREE-ON-THE-INTERNET) ലോകമെമ്പാടുമുള്ള സ്കൗട്ടുകളെ ആമേച്വർ റേഡിയോയും ഇന്റർനെറ്റും വഴി പരസ്പരം ബന്ധിപ്പിക്കുന്ന അന്താരാഷ്ട്ര സ്കൗട്ട് സംഗമമാണ്. ആശയവിനിമയം, സാങ്കേതികവിദ്യ, സൗഹൃദം, സാംസ്കാരിക കൈമാറ്റം എന്നിവയിലൂടെ ലോകമെമ്പാടുമുള്ള സ്കൗട്ടുകളുമായി ബന്ധപ്പെടാനുള്ള അവസരമാണ് JOTA-JOTI.

**പ്രത്യേകതകൾ:** ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്കൗട്ടുകളുടെയും ഗൈഡുകളുടെയും ഭാഷ, വേഷം, ബാഡ്ജുകൾ, സംസ്കാരം, പ്രവർത്തനങ്ങൾ എന്നിവ പരിചയപ്പെടാനും, അവരുമായി നേരിട്ട് ആശയവിനിമയം നടത്താനും, അനുഭവങ്ങളും കഴിവുകളും പങ്കുവെക്കാനും അവസരം നൽകുന്ന രണ്ട് ദിനങ്ങൾ.

**തീയതികൾ: 2026 ഒക്ടോബർ 17 & 18**

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സിന്റെ ആഭിമുഖ്യത്തിൽ JOTA-JOTI 2026 STATE HUB ഒക്ടോബർ 17 (ശനിയാഴ്ച) നടക്കുന്നതായി അറിയിക്കുന്നു. ഈ പരിപാടി സ്കൗട്ട്സ്, ഗൈഡ്സ്, റോവേഴ്സ്, റേഞ്ചേഴ്സ് എന്നിവരിൽ ആശയവിനിമയം, ഡിജിറ്റൽ പഠനം, ആഗോള സൗഹൃദം എന്നിവ വളർത്തുക എന്ന ലക്ഷ്യത്തോടെ ആമേച്വർ റേഡിയോയും ഇന്റർനെറ്റ് അധിഷ്ഠിതമായ വിവിധ പ്രവർത്തനങ്ങളുമായാണ് സംഘടിപ്പിക്കുന്നത്.

**പരമാവധി പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഈ വർഷത്തെ പരിപാടി താഴെ പറയുന്ന തരത്തിലുള്ള പങ്കാളിത്ത ഘടനയിലായിരിക്കും സംഘടിപ്പിക്കുക:**

**1. സംസ്ഥാന ഹബ് വഴി നേരിട്ടുള്ള പങ്കാളിത്തം തൃശ്ശൂർ ജില്ലയിൽ ഒരുക്കുന്ന STATE HUB-ൽ നേരിട്ട് പങ്കെടുക്കാം. പരമാവധി 300 പേർക്ക് സംസ്ഥാന ഹബ്ബിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യമുണ്ടാകും.**

**2. ജില്ലാ ഹബ് / Local Hub വഴി പങ്കാളിത്തം ജില്ലാ അസോസിയേഷനുകൾക്കും ലോക്കൽ അസോസിയേഷനുകൾക്കും അവരുടെ ആവശ്യാനുസരണം District Hub / Local Hub ആയി രജിസ്റ്റർ ചെയ്ത് JOTA-JOTI 2026-ൽ പങ്കെടുക്കാം. രജിസ്റ്റർ ചെയ്യുന്ന ഹബ്ബുകൾക്ക് സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സിന്റെ ഏകോപനത്തോടെ വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരം ലഭിക്കും.**

JOTA–JOTI 2026-ൽ State Hub, District Hub, Local Hub എന്നിവ ഉൾപ്പെടെ എല്ലാ ഹബ്ബുകളിലും പങ്കെടുക്കുന്ന ഓരോ അംഗത്തിനും JID നിർബന്ധമാണ്.
ആദ്യം ഓരോ പങ്കാളിയും Scout.org-ൽ ആവശ്യമായ രജിസ്ട്രേഷൻ പൂർത്തിയാക്കണം. തുടർന്ന് www.jotajoti.info എന്ന ഔദ്യോഗിക JOTA–JOTI വെബ്സൈറ്റിൽ രജിസ്ട്രേഷൻ പൂർത്തിയാക്കണം.
JOTA–JOTI-യുടെ ഔദ്യോഗിക വെബ്സൈറ്റിലെ രജിസ്ട്രേഷൻ പൂർത്തിയാക്കിയ ശേഷം ഓരോ പങ്കാളിക്കും ഒരു JID ലഭിക്കുന്നതാണ്. ലഭിക്കുന്ന JID സൂക്ഷിക്കുകയും തുടർന്നുള്ള രജിസ്ട്രേഷൻ നടപടികളിൽ നിർബന്ധമായും നൽകുകയും വേണം. 14/10/2026-ന് മുമ്പായി രജിസ്ട്രേഷൻ പൂർത്തിയാക്കുക.

- **സ്റ്റേറ്റ് ലെവൽ JOTA–JOTI ഹബ്ബ്:**

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന JOTA–JOTI 2026 State Hub, തൃശ്ശൂർ ജില്ലാ അസോസിയേഷന്റെ ആതിഥേയത്വത്തിൽ 2026 ഒക്ടോബർ 17-ന് സംഘടിപ്പിക്കുന്നു.

### State Hub – വിശദാംശങ്ങൾ

**തീയതി : 17/10/2026 (ശനിയാഴ്ച)**
**സമയം : രാവിലെ 9.00 മുതൽ വൈകുന്നേരം 5.00 വരെ**
**വേദി : Thrissur Town Hall, Palace Road, Taluk Office-ന് എതിർവശം, ചെമ്പൂക്കാവ്, തൃശ്ശൂർ.**
Assistance Contact:
Nooral Ameen (ASOC) - +91 9744771100
Jiji Chandran (ASOC) - +91 8893375937
Muhammed Khasim (ASOC)- +91 9037903787

State Hub-ൽ പരമാവധി 300 പേർക്ക് പങ്കെടുക്കുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും. State Hub-ൽ പങ്കെടുക്കുന്ന ഓരോ വ്യക്തിക്കും ₹50 രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്ന സ്കൗട്ട്സ്, ഗൈഡ്സ്, റോവേഴ്സ്, റേഞ്ചേഴ്സ് എന്നിവർക്കൊപ്പം യൂണിറ്റ് ലീഡർമാരും നിർബന്ധമായും ₹50 രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതാണ്.
പങ്കെടുക്കുന്നവർ APRO–II/III പ്രകാരമുള്ള പൂർണ്ണവും ചിട്ടയായതുമായ യൂണിഫോമിൽ എത്തിച്ചേരേണ്ടതാണ്. കൂടാതെ സാംസ്കാരിക പരിപാടിക്കാവശ്യമായ വേഷവിധാനം കരുതണം. സാധ്യമെങ്കിൽ സ്മാർട്ട് ഫോൺ / ലാപ്ടോപ്പ് കൊണ്ടുവരേണ്ടതാണ്.

State Hub-ലേക്ക് പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ ജില്ലാ അസോസിയേഷനുകൾ മുഖേന മാത്രമായിരിക്കും. ജില്ലാ അസോസിയേഷനുകൾ തങ്ങളുടെ ജില്ലയിൽ നിന്ന് State Hub-ൽ പങ്കെടുക്കുന്ന മുഴുവൻ അംഗങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് താഴെ നൽകിയിരിക്കുന്ന രജിസ്ട്രേഷൻ ഫോം വഴി മാത്രം രജിസ്റ്റർ ചെയ്യേണ്ടതാണ്.
**State Hub Registration Form: https://zfrmz.in/9RHiN8adkeuWVonL9VQz**

State Hub-ൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാ അംഗങ്ങൾക്കും JID നിർബന്ധമാണ്.

### State Hub-ലേക്കുള്ള രജിസ്ട്രേഷൻ രീതി

State Hub-ൽ പങ്കെടുക്കുന്നവർക്ക് നേരിട്ട് സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സിൽ അപേക്ഷ സമർപ്പിക്കാൻ കഴിയില്ല. യൂണിറ്റ് ലീഡർമാർ മുഖേന മാത്രമായിരിക്കും രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കേണ്ടത്.

**രജിസ്ട്രേഷൻ നടപടിക്രമം:**

PARTICIPANTS→ യൂണിറ്റ് ലീഡർ → ജില്ലാ അസോസിയേഷൻ → STATE HUB

ആദ്യം പങ്കെടുക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ തങ്ങളുടെ യൂണിറ്റ് ലീഡറുമായി ബന്ധപ്പെടണം. യൂണിറ്റ് ലീഡർ ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട ജില്ലാ അസോസിയേഷന് സമർപ്പിക്കണം.

ജില്ലാ അസോസിയേഷൻ എല്ലാ യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന പങ്കാളികളുടെ വിവരങ്ങൾ പരിശോധിച്ച് ഏകോപിപ്പിക്കുകയും, STATE HUB-ലേക്കുള്ള മുഴുവൻ പങ്കാളികളുടെയും രജിസ്ട്രേഷൻ സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സിൽ പൂർത്തിയാക്കുകയും വേണം.

**രജിസ്ട്രേഷന്റെ അവസാന തീയതി**

STATE HUB-ലേക്കുള്ള മുഴുവൻ പങ്കാളികളുടെയും രജിസ്ട്രേഷൻ 14/10/2026 വൈകുന്നേരം 4.00 മണിക്ക് മുമ്പായി പൂർത്തിയാക്കേണ്ടതാണ്.

**14/10/2026 വൈകുന്നേരം 4.00 മണിക്ക്** ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അതിനാൽ യൂണിറ്റ് ലീഡർമാരും ജില്ലാ അസോസിയേഷനുകളും രജിസ്ട്രേഷൻ നടപടികൾ അവസാന നിമിഷത്തേക്ക് മാറ്റിവയ്ക്കാതെ ആവശ്യമായ സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

## 2. JOTA–JOTI 2026 – DISTRICT HUB / LOCAL HUB

JOTA–JOTI 2026-ന്റെ ഭാഗമായി ഓരോ ജില്ലയ്ക്കും അവരുടെ ആവശ്യാനുസരണം DISTRICT HUB സംഘടിപ്പിക്കാവുന്നതാണ്. ഒരു ജില്ലയിൽ കൂടുതൽ കേന്ദ്രങ്ങളിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ താൽപര്യമുണ്ടെങ്കിൽ, ആവശ്യാനുസരണം LOCAL HUBS രജിസ്റ്റർ ചെയ്യാവുന്നതാണ്.

### 1. DISTRICT HUB / LOCAL HUB രജിസ്ട്രേഷൻ

എല്ലാ ജില്ലാ അസോസിയേഷനുകളും നിർബന്ധമായും ഒരു DISTRICT HUB സംഘടിപ്പിക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം കണക്കിലെടുത്ത്, ഒരു ജില്ലയിൽ ഒന്നിലധികം കേന്ദ്രങ്ങളിൽ പരിപാടി നടത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ, ഓരോ കേന്ദ്രത്തെയും പ്രത്യേകം LOCAL HUB ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്.

DISTRICT HUB-കളുടെയും LOCAL HUB-കളുടെയും രജിസ്ട്രേഷൻ ജില്ലാ അസോസിയേഷൻ മുഖേന മാത്രമായിരിക്കും.

HUB REGISTRATION FORM : [HTTPS://ZFRMZ.IN/YHVBPTZCY68WK9UNRSAV](HTTPS://ZFRMZ.IN/YHVBPTZCY68WK9UNRSAV)

**DISTRICT / LOCAL HUB രജിസ്ട്രേഷൻ 11/10/2026 വൈകുന്നേരം 5.00 മണിക്ക് മുമ്പായി പൂർത്തിയാക്കേണ്ടതാണ്.**

### 2. HUB COORDINATOR

ജില്ലാ അസോസിയേഷൻ രജിസ്റ്റർ ചെയ്യുന്ന ഓരോ DISTRICT HUB / LOCAL HUB-നും ഒരു HUB COORDINATOR-നെ നിയോഗിക്കേണ്ടതാണ്.

HUB COORDINATOR ആയിരിക്കാൻ തിരഞ്ഞെടുക്കുന്ന വ്യക്തിക്ക്:

- കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയവ ഉപയോഗിക്കുന്നതിൽ പ്രാവീണ്യം ഉണ്ടായിരിക്കണം.
- ഡിജിറ്റൽ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിചയമുള്ള വ്യക്തിയായിരിക്കണം.
- ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ ഏകോപിപ്പിക്കാൻ കഴിയണം.
- പരിപാടിയുടെ സമയത്ത് പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ കൃത്യമായി നിരീക്ഷിക്കാൻ കഴിയണം.

HUB-ന്റെ രജിസ്ട്രേഷൻ പൂർത്തിയാക്കുമ്പോൾ ബന്ധപ്പെട്ട HUB COORDINATOR-ന്റെ വിവരങ്ങളും നൽകേണ്ടതാണ്.

### 3. Hub Coordinator-ന്റെ ഉത്തരവാദിത്വം

District / Local Hub-ന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തുടർന്നുള്ള നിർദ്ദേശങ്ങളും മാർഗനിർദ്ദേശങ്ങളും ആവശ്യമായ വിവരങ്ങളും സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സ് Hub Coordinator-ന് മാത്രമായിരിക്കും നൽകുക.

Hub Coordinator:

- ഹബ്ബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ നിരീക്ഷിക്കുക.
- എല്ലാ പങ്കാളികളും നിർദ്ദിഷ്ട സമയത്തിനുള്ളിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയെന്ന് ഉറപ്പാക്കുക.
- സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സിൽ നിന്നുള്ള നിർദ്ദേശങ്ങൾ ഹബ്ബിൽ നടപ്പിലാക്കുക.
- ആവശ്യമായ വിവരങ്ങൾ സമയബന്ധിതമായി സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സിലേക്ക് കൈമാറുക.
- പരിപാടിക്ക് ശേഷം, സംസ്ഥാന കാര്യാലയം നിർദ്ദേശിക്കുന്ന മാതൃകയിൽ ചിത്രങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ സെക്രട്ടറിയുടെ മുഖേന സംസ്ഥാന കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

### 4. പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ

District Hub / Local Hub-കളിലെ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയായിരിക്കും.

പരിപാടി നടക്കുന്ന സമയത്ത് പങ്കെടുക്കുന്നവർക്കായി സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സ് നൽകുന്ന പ്രത്യേക രജിസ്ട്രേഷൻ ലിങ്ക് ഉപയോഗിച്ചായിരിക്കും രജിസ്ട്രേഷൻ നടത്തുന്നത്.

ഓരോ ഹബ്ബിലെയും പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന്റെ ഉത്തരവാദിത്വം അതത് Hub Coordinator-നായിരിക്കും.

ജില്ലാ അസോസിയേഷന് ആവശ്യമെങ്കിൽ, ജില്ലാ അസോസിയേഷന്റെ നേതൃത്വത്തിൽ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ നടപടികൾ ഏകോപിപ്പിക്കാവുന്നതാണ്. എന്നാൽ, പരിപാടി നടക്കുന്ന സമയത്ത് പങ്കെടുക്കുന്നവരുടെ ഔദ്യോഗിക രജിസ്ട്രേഷൻ സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സ് നൽകുന്ന സംവിധാനത്തിലൂടെയായിരിക്കും സ്വീകരിക്കുക.

### 5. സർട്ടിഫിക്കറ്റ്

District Hub / Local Hub വഴി JOTA–JOTI 2026-ൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

അതിനാൽ പങ്കെടുക്കുന്നവരുടെ വിവരങ്ങൾ കൃത്യമായി ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തിൽ രേഖപ്പെടുത്തുകയും രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമാക്കുകയും ചെയ്യേണ്ടതാണ്.

### 6. Hub നടത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ

District / Local Hub എങ്ങനെ സംഘടിപ്പിക്കണം, പ്രവർത്തനങ്ങൾ എങ്ങനെ നടത്തണം, പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ എങ്ങനെ പൂർത്തിയാക്കണം തുടങ്ങിയ വിശദമായ മാർഗനിർദ്ദേശങ്ങളും ആവശ്യമായ നിർദ്ദേശങ്ങളും സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സ് രജിസ്റ്റർ ചെയ്ത Hub Coordinator-മാർക്ക് നൽകുന്നതാണ്.

അതിനാൽ Hub Coordinator-നെ തിരഞ്ഞെടുക്കുമ്പോൾ ഡിജിറ്റൽ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ കഴിവുള്ളതും, സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സുമായി തുടർച്ചയായി ആശയവിനിമയം നടത്താൻ കഴിയുന്നതുമായ വ്യക്തിയെ തന്നെ നിയോഗിക്കാൻ ജില്ലാ അസോസിയേഷനുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പ്രധാന സമയപരിധി

**District Hub / Local Hub രജിസ്ട്രേഷൻ അവസാന തീയതി:**

**11/10/2026 വൈകുന്നേരം 5.00 മണി**

**ഈ സമയപരിധിക്ക് ശേഷം District Hub / Local Hub രജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.**

## സർട്ടിഫിക്കറ്റ്, ബാഡ്ജ്

State Hub-ൽ നേരിട്ട് പങ്കെടുക്കുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റും JOTA–JOTI ബാഡ്ജും നൽകുന്നതാണ്.

District Hub / Local Hub വഴി പങ്കെടുക്കുന്ന കുട്ടികൾക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

JOTA–JOTI 2026-ന്റെ ഭാഗമായി സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സ് നൽകുന്ന **ഈ സർട്ടിഫിക്കറ്റുകൾക്ക് മാത്രമായിരിക്കും രാജ്യാപുരസ്കാർ പരീക്ഷയിൽ ബോണസ് പോയിന്റുകൾ അനുവദിക്കുക**.

## Hub Coordinator-മാർക്കുള്ള സൗകര്യങ്ങൾ

Hub Coordinator-മാർക്ക് പരിപാടി വിജയകരമായി നടത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങളും സാങ്കേതിക സംവിധാനങ്ങളും ഉറപ്പാക്കേണ്ടത് ബന്ധപ്പെട്ട ജില്ലാ അസോസിയേഷനുകളുടെ ഉത്തരവാദിത്വമായിരിക്കും.

JOTA–JOTI 2026 പരിപാടി വിജയകരമായി സംഘടിപ്പിക്കുന്നതിനായി എല്ലാ ജില്ലാ അസോസിയേഷനുകളുടെയും സജീവമായ സഹകരണം അഭ്യർത്ഥിക്കുന്നു. പരിപാടിയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കും സംശയങ്ങൾക്കും ആവശ്യമായ മാർഗനിർദ്ദേശങ്ങൾക്കുമായി സംസ്ഥാന കാര്യാലയവുമായി ബന്ധപ്പെടാവുന്നതാണ്.

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695035

Yours Sincerely,

**DR. ABDURAOOF V**
STATE SECRETARY

**Copy to:-**

1. State Organizing Commissioner (S/G) – for follow-up and guidance.
2. All Assistant State Organizing Commissioners – for supervision and necessary assistance in program execution.
3. All District Organizing Commissioners (S/G) – for coordination and implementation at the district level.
4. State PR & IT Team – for handling JOTA-JOTI online communication, registrations, and technical setup.
5. File